'127205/2023

## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. AFSANA PERWEEN. IAS)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1) വനിതാ ശിശുവികസന ഡയറക്ടറുടെ 13/10/2020 തീയതിയിലെ WCD/E8/6975/2020 നമ്പർ ഉത്തരവ്
2) വനിതാ ശിശുവികസന ഡയറക്ടറുടെ 27/09/2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
3) വനിതാ ശിശുവികസന ഡയറക്ടറുടെ 19/10/2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നം. DWCD/2553/2022-E7 തീയതി: 20-11-2023**

വനിതാ ശിശുവികസന വകുപ്പിൽ പരാമർശം (2) പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച ശ്രീ.ശശി.എ.റ്റി യ്ക്ക്, ടിയാന്റെ അപേക്ഷ പ്രകാരം ഉദ്യോഗക്കയറ്റത്തിൽ നിന്ന് ഒരു വർഷത്തേയ്ക്ക് താൽക്കാലികമായി വിട്ടൊഴിയുന്നതിന് അനുമതി നൽകികൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.ആയത് പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. പരാമർശം (1) പ്രകാരമുള്ള സീനിയർ ക്ലർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ (52) വരെയുള്ളവർക്ക് ഇതിനോടകം സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഈ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ശ്രീമതി.ഷിബി മത്തായി യ്ക്ക് (ക്രമ നമ്പർ 53) ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിലവിലുള്ള ഒരു ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിലവിലുള്ള ഒരു ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹയായ മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരിയ്ക്ക് KS&SSR ചട്ടം 28A(i) പ്രകാരം 39300-83000/- രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമനം | പേര്,തസ്തിക,ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.ഷിബി മത്തായി<br>സീനിയർ ക്ലർക്ക്<br>ജില്ലാ വനിതാ ശിശുവികസന ഓഫീസ്,പത്തനംതിട്ട | ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ് ദേവികുളം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയ്ക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിട്ടുതൽ

ചെയ്യേണ്ടതും. ടിയാന്റെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Signed by Afsana Perween Ias
Date: 20-11-2023 13:00:58

വനിതാ ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാരിയ്ക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക്
2) ബന്ധപ്പെട്ട കാര്യാലയ മേധാവിമാർക്ക്
3) സൂപ്രണ്ട്-ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) സ്റ്റോക്ക് ഫയൽ/സ്പെയർ